//ഭരണഭാഷ - മാതൃഭാഷ //

നം.പിഎൽ(2)/27616/2018/ഡിപിഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 17/12/2018

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാക്കും.
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം:- പൊ വി. - സംസ്കൃത വിദ്യാഭ്യാസ വികസനം സ്കോളർഷിപ്പ് പരീക്ഷ -സംബന്ധിച്ച്- സൂചന:-

2018-19 അധ്യയന വർഷം സംസ്കൃതം പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കായിട്ടുള്ള സ്കോളർഷിപ്പ് പരീക്ഷ 2019 ഫെബ്രുവരി 1, 2 തീയതികളിൽ (വെള്ളി, ശനി) ആണ് നടത്തുന്നത്. 1 ന് എച്ച് എസ്, 2 ന് യുപി, എൽ പി എന്നീ ക്രമത്തിലാണ് പരീക്ഷ നടത്തുന്നത്. പരീക്ഷ സുഗമമായി നടത്തുന്നതിന് ജില്ലാ/ ഉപജില്ലാതലത്തിൽ പരീക്ഷാകേന്ദ്രങ്ങൾ കണ്ടെത്തി ക്രമീകരിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി കൗൺസിൽ സെക്രട്ടറിമാരുടെ സഹായം തേടാവുന്നതാണ്. സംസ്കൃതം പഠിപ്പിക്കുന്ന സ്കൂളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ നിന്നും 2 പേരെ വീതമാണ് പരീക്ഷയ്ക്ക് തെരഞ്ഞെടുക്കേണ്ടത് പരീക്ഷയുടെ മൂല്യനിർണ്ണയത്തിനുശേഷം എൽ പി വിഭാഗം ഓരോ ക്ലാസിലേയും 10 കുട്ടികളുടേയും, യു പി വിഭാഗം ഓരോ ക്ലാസ്സിലേയും 15 കുട്ടികളുടേയും, എച്ച് എസ് ഓരോ ക്ലാസിലേയും 30 കുട്ടികളുടെയും റാങ്ക് ലിസ്റ്റ് ഈ ഓഫീസിലേയ്ക്ക് അയക്കേണ്ടതാണ്. കട്ടപ്പന, തൊടുപുഴ, കുട്ടനാട്, കാഞ്ഞിരപ്പള്ളി, പാല, കോട്ടയം എന്നീ വിദ്യാഭ്യാസ ജില്ലകളിൽ നിന്നും 20 കുട്ടികളുടെ റാങ്ക് ലിസ്റ്റ് ആണ് അയയ്ക്കേണ്ടത്. ഇ-മെയിൽ ഐ ഡി - dpiplanning@gmail.com

ഓരോ ക്ലാസ്സിലും മിനിമം എൽ പി -10, യു പി - 15, എച്ച് എസ് -30 കുട്ടികൾ പരീക്ഷ എഴുതുന്നു എന്നും ഉറപ്പു വരുത്തേണ്ടതാണ്. അതിനായി ആവശ്യമെങ്കിൽ ഓരോ വിദ്യാലയത്തിൽ നിന്നും രണ്ടിൽ കൂടുതൽ കുട്ടികളെ പരീക്ഷയ്ക്ക് ഇരുത്താവുന്നതാണ്. റാങ്ക്ലിസ്റ്റ് ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഒപ്പു സഹിതം അയയ്ക്കേണ്ടതാണ്. അത് ഇവിടെനിന്നും അംഗീകരിച്ചു കിട്ടുന്ന മുറയ്ക്ക് കുട്ടികൾക്ക് സ്കോളർഷിപ്പുതുക നൽകേണ്ടതാണ്. ഇതിൽ കാലതാമസം വരാതെ നോക്കേണ്ടതാണ്.

ചോദ്യപേപ്പറുകളും സർട്ടിഫിക്കറ്റുകളും കൊറിയർ മുഖേന വിദ്യാഭ്യാസ ജില്ലാ ഓഫീസുകളിൽ എത്തിക്കുന്നതാണ്. ഉപജില്ലാ ഓഫീസർമാർ ജില്ലാ ഓഫീസിൽ നിന്നും ചോദ്യപേപ്പറും സർട്ടിഫിക്കറ്റും കൈപ്പറ്റേണ്ടതും, കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ,

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി